## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5995 — 19.11.2019- ൽ മറുപടിക്ക്

## കെയർ ഹോം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത് | | ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | 2018-ലെ പ്രളയ ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കിയ കെയർ ഹോം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | 2018-ലെ പ്രളയ ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ച നൽകുന്നതിനായി സഹകരണ വകുപ്പ് നടപ്പാക്കി വരുന്ന കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2152 വീടുകൾ നിർമ്മിച്ച നൽകുന്നതിനാണ് അനുവദിച്ചിട്ടുള്ളത്. 2019 ഒക്ടോബർ 16 വരെ 1841 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മേൽക്കൂരയുടെ കോൺക്രീറ്റിംഗ് വരെ നിർമ്മാണം പൂർത്തീകരിച്ച 81 വീടുകളുടെയും , ലിന്റൽ ലെവൽ വരെ നിർമ്മാണം പൂർത്തീകരിച്ച 24 വീടുകളുടെയും , അടിസ്ഥാനനിർമ്മാണം പൂർത്തീ കരിച്ച 15 വീടുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നുവരുന്നു. 14 വീടുകളുടെ കല്ലിടൽ നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന 177 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഡോക്യുമെന്റേഷൻ ഘട്ടത്തിലാണ്. വൈകി ലഭിച്ച ഗുണഭോക്തൃപട്ടിക , വസ്തു തർക്കം നിലനിൽക്കുന്ന ഭൂമി, പ്രതികൂല കാലാവസ്ഥ ,രേഖകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഉൾപ്പെടെയുള്ള സാങ്കേതിക പ്രശ്നങ്ങളാണ് പ്രസ്തുത 177 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | തടസ്സമായിട്ടുള്ളത്. സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് ത്വരിത വേഗത്തിൽ പദ്ധതിയുടെ ഒന്നാം ഘട്ടനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരികയാണ്. |
| (ബി) | ഈ പദ്ധതിയിൻ കീഴിൽ എത്ര വീടുകളുടെ നിർമ്മാണ ചുമതലയാണ് സഹകരണ വകുപ്പ് ഏറ്റെടുത്തത്; ഇതിനകം എത്ര വീടുകളുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി താക്കോൽ കൈമാറി ;അറിയിക്കുമോ; | (ബി) | കെയർ ഹോം പദ്ധതി പ്രകാരം 2152 വീടുകൾ നിർമ്മിച്ചു നൽകുന്നതിനാണ് അനുവദിച്ചിട്ടുള്ളത്. 2019 ഒക്ടോബർ 16 വരെ 1813 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണ ഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. |
| (സി) | 2019- ൽ ഉണ്ടായ പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് കെയർ ഹോം പദ്ധതി പ്രകാരം വീട് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | 2019-ൽ ഉണ്ടായ പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ചു നൽകുന്നത് ആലോചിച്ചു വരികയാണ്. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി സംസ്ഥാന സർക്കാർ ഇതിനകം എന്ത് തുകയാണ് സഹകരണ വകുപ്പിന് നൽകിയത്; വെളിപ്പെടുത്തുമോ? | (ഡി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുക ഉൾപ്പെടെ വീടൊന്നിന് 5 ലക്ഷം രൂപയാണ് കെയർ ഹോം പദ്ധതിപ്രകാരം ഭവന നിർമ്മാണത്തിന് അനുവദിക്കുന്നത്.അതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള സഹായം (ഉയർന്ന പ്രദേശങ്ങളിൽ 1,01,900/-രൂപയും നിരപ്പായ പ്രദേശങ്ങളിൽ 95,100/- രൂപയും ) ഗുണഭോക്താവിന് ആദ്യ ഗഡുവായി അനുവദിക്കുകയാണ് ചെയ്യുന്നത്.പദ്ധതിയുടെ ഒന്നാംഘട്ട നിർവ്വഹണത്തിനായി സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങൾ 52,68,69,506/- രൂപ സംഭാവനയായി നൽകിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങൾ നൽകിയ പ്രസ്തുത തുകയുടെ ചെക്കുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിക്ഷേപിച്ച ശേഷം സർക്കാർ ഉത്തരവിലൂടെ തത്തുല്യമായ തുക കെയർ ഹോം പദ്ധതിക്ക് വിനിയോഗിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാറുടെ പേരിൽ സംസ്ഥാന സഹകരണ ബാങ്കിൽ |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്ക് സർക്കാർ മാറ്റി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ